# റമാദാൻ വരുന്നു: നമ്മളൊരുങ്ങിയോ

കബീർ എം. പറളി

ഖുർആനിന്റെ മാസം അടുത്തുവന്നു. മുസ്‌ലിം ഉമ്മത്തിന്റെ ഹൃദയങ്ങൾ പുതിയൊരാവേശത്തിന്റെ വക്കിലാണ്. നിറയെ നന്മകളുള്ള ഒരു മാസത്തിന്റെ വരവിൽ ആഹ്ലാദിക്കാത്ത ഒരു മുസ്‌ലിമുമില്ലെന്നതാണ് വാസ്തവം. തൗബയുടെ, ഇസ്തിഗ്ഫാറിന്റെ, ഇഹ്തിസാബിന്റെ തുറന്നിട്ട വാതിലുകളുമായിട്ടാണ് റമദാനിന്റെ വരവ്. വരും നാളുകൾ ഹൃദയ ശുദ്ധീകരണത്തിന്റേതാണ്. അല്ലാഹു തന്റെ ദാസൻമാർക്ക് നൽകുന്ന കരുണയുടെ, ദയയുടെ, പരിഗണനയുടെ അവസരമാണ് റമദാൻ. അതിലേക്ക് കാലെടുത്തുവെക്കാനും, അതിലെ ഓരോ നിമിഷങ്ങളേയും മനസ്സറിഞ്ഞ് ഉപയോഗപ്പെടുത്താനും ശ്രദ്ധവെക്കുന്നവൻ മഹാ ഭാഗ്യവാനാണ്.

കഴിഞ്ഞ വർഷങ്ങളിൽ നമ്മളൊക്കെ ഈ മാസത്തിൽ നിന്ന് ആവോളം പവിത്രതയുൾക്കൊണ്ടവരാണ്. അന്ന് റബ്ബിന്റെ മുന്നിൽ ഈറനണിഞ്ഞ കണ്ണുകളും, പശ്ചാത്താപ വിവശമായ ഹൃദയങ്ങളും നമുക്ക് സ്വന്തമായിരുന്നു. ജീവിതലക്ഷ്യം സുഗമമാക്കാനുതകുന്ന അസുലഭമായ അവസരമെന്ന നിലക്ക്, റമദാനുകളിൽ അന്ന് നാമെത്രയോ അധ്വാനിച്ചു, പ്രതിഫലം കൊതിച്ചു, 'പടച്ചവനേ നീ ഞങ്ങളുടെ പ്രവർത്തനങ്ങളെ വിചാരണാനാളിൽ മാനിക്കണേ' എന്ന് പ്രർഥിച്ചു. ഇന്നിതാ വീണ്ടുമൊരവസരം കൂടി വന്നണയുകയാണ്. നമുക്ക് നന്നാകാൻ, ഹൃദയത്തെ നന്നായൊന്ന് കഴുകി ശുദ്ധിയാക്കാൻ എല്ലാ കോപ്പുകളും വിശുദ്ധ റമാദനിന്റെ കയ്യിൽ സുലഭമാണ്.

ഈ മാസത്തിന്റെ സാന്നിധ്യം ഇനിയൊരിക്കൽ കൂടി നാമാശിച്ചതാണ്. സമീപസ്ഥമായ റമദാനോളം ആയുസ്സിന്റെ അളവുണ്ടൊ എന്ന ആശങ്കയുണ്ടായിരുന്നപ്പോഴും, 'അല്ലാഹുവേ, അടുത്ത റമദാനിലേക്ക് ഞങ്ങളെ നീ എത്തിക്കേണമേ' എന്ന പ്രാർഥന നമ്മുടെ ഹൃദയങ്ങളിലുയുണ്ടായിരുന്നു. എത്ര കരുണാമയനാണ് നമ്മുടെ നാഥൻ! ഈ വർഷവും, ഇൻശാ അല്ലാഹ്, വിശുദ്ധമാസത്തെ പ്രാപിക്കാനും, പ്രതിഫലേച്ഛയോടെ അതിന്റെ നിമിഷങ്ങൾ അനുഭവിക്കാനും അവൻ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. റമദാനിന്റെ നന്മകൾ വാരിക്കൂട്ടാൻ ഇതിനകം നമ്മളൊരുങ്ങിക്കഴിഞ്ഞിരിക്കണം.

ഖുർആനിന്റെ മാസമാണ് റമദാൻ. ഖുർആൻ തന്നെ അതിങ്ങനെ വിശദീകരിച്ചു:

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ

''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ.'' (ബഖറ: 185)

നമ്മുടെ ജീവിതത്തെ മുച്ചൂടും നിയന്ത്രിച്ചു നിർത്തുന്ന, മരണാനന്തരം സ്വർഗ പ്രവേശനത്തിനുള്ള വളവില്ലാത്ത വഴികൾ വിശദീകരിച്ചു തരുന്ന ഒരു മഹത്തായ

ഗ്രന്ഥം അവതീർണ്ണമായ മാസത്തോട് കർമ്മനിരതമായ കടപ്പാടാണ് നമുക്കുണ്ടാകേണ്ടത്. 'നന്മകളോട് താല്പര്യമുള്ളവരേ സന്തോഷത്തോടെ മുന്നോട്ടു വരിക, തിന്മകളിൽ ജീവിക്കുന്നവരേ മതിയാക്കുക' എന്ന വിളിയാളം ഈ മാസത്തിന്റെ പ്രത്യേകതയാണ്. വിശ്വാസീ വിശ്വാസിനകൾ നിർബന്ധമായും ചെവികൊടുക്കേണ്ട വിളിയാളം!

റമദാനിലെ വ്രതാനുഷ്ഠാന നാളുകൾ ഹൃദയത്തിൽ ശാന്തിയും സമാധാനവും നൽകുമെന്നതിൽ രണ്ടുപക്ഷമില്ല. അടിമകൾക്ക് ജീവിതത്തിൽ ദൈവബോധവും സൂക്ഷ്മതയുമേകാൻ സർവ്വശക്തനുണ്ടാക്കിയ സംവിധാനമെന്ന നിലക്ക്, നോമ്പും നോമ്പാനുബന്ധകർമ്മങ്ങളും ശ്രദ്ധയോടെയാണ് നാം നിർവഹിക്കേണ്ടത്. വിശ്വാസികളിൽ തഖ്‌വയേറ്റുകയാണ് നോമ്പിന്റെ ധർമ്മം. അല്ലാഹു പറഞ്ഞു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ

''സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തക്‌വയുള്ളവരാകുവാൻ വേണ്ടിയത്രെ അത്.'' (ബഖറ: 183)

ചുറ്റുപാടുകൾ മലീമസമാണ്. കണ്ണു താഴ്ത്തി നടന്നാൽ പോലും ഖൽബിൽ കറപുരളാവുന്ന, കർമ്മങ്ങളിൽ കളങ്കമേശാവുന്ന അന്തരീക്ഷമാണ് ചുറ്റും. അല്ലാഹുവിൽ നിന്നുള്ള തഖ്‌വയുടെ പരിരക്ഷയില്ലെങ്കിൽ ഏതൊരാളും പാപങ്ങളുടെ ചതിക്കുഴികളിൽ കാലിടറി വീണുപോകും. പിന്നിട്ട റമദാനിൽ നമുക്ക് കൈവന്ന ഹൃദയശുദ്ധി ഇതിനകം അറിഞ്ഞോ അറിയാതേയോ മലിനമായിക്കാണണം. മരണത്തിനു മുമ്പ് വീണ്ടുമൊരു ശുദ്ധീകരണം നടന്നില്ലെങ്കിൽ നമ്മുടെ വിചാരണാനാൾ സങ്കീർണ്ണമായിത്തീരുമെന്നതിൽ സംശയമില്ല. എന്തുകൊണ്ടെന്നാൽ ഹൃദയശുദ്ധിയോടെ പരലോകത്ത് ചെന്നെത്തുന്നവനേ സ്വർഗ പ്രവേശനത്തിന് സാധ്യത തെളിയൂ. അല്ലാഹു പറഞ്ഞില്ലേ:

يَوۡمَ لَا يَنفَعُ مَالٞ وَلَا بَنُونَ ﴿٨٨﴾ إِلَّا مَنۡ أَتَى ٱللَّهَ بِقَلۡبٖ سَلِيمٖ ﴿٨٩﴾ وَأُزۡلِفَتِ ٱلۡجَنَّةُ لِلۡمُتَّقِينَ ﴿٩٠﴾

''അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ. (അന്ന്) സൂക്ഷ്മത പാലിക്കുന്നവർക്ക് സ്വർഗം അടുപ്പിക്കപ്പെടുന്നതാണ്. (ശുഅറാഅ്: 88-90)

ഈ റമദാൻ മുഴുവൻ തഖ്‌വയെന്ന യാത്രാഭക്ഷണം സ്വരൂപിക്കാനാകണം നമ്മുടെ ശ്രദ്ധ. പാപങ്ങൾ പൊറുത്തു തരാൻ നമുക്ക് കരുണാമയനായ ഒരു റബ്ബുണ്ട്. ഹൃദയം തുറന്ന് പശ്ചാത്തപിക്കുന്ന ദാസീ ദാസന്മാരുടെ മുന്നിൽ അവന്റെ ഖജനാവ് തുറന്നു വെച്ചിരിക്കുകയാണ്. അല്ലാഹു തന്നെ ആ സന്തോഷവർത്തമാനം വിശ്വാസികൾക്ക് കൈമാറിയിട്ടുണ്ട്:

وَمَن يَعۡمَلۡ سُوٓءًا أَوۡ يَظۡلِمۡ نَفۡسَهُۥ ثُمَّ يَسۡتَغۡفِرِ ٱللَّهَ يَجِدِ ٱللَّهَ غَفُورٗا رَّحِيمٗا

''ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്.'' (നിസാഅ്: 110)

വ്രതാനുഷ്ഠാന ദിനങ്ങൾ ഖേദത്തിന്റെയും തൗബയുടേതുമാണ്. എന്നാൽ, വിഭവ സമൃദ്ധമായ തീറ്റയുടേയും കുടിയുടേയും ദിനങ്ങളായി അവയെ അധഃപതിപ്പിക്കുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്. അവ്വിധം തങ്ങൾക്ക് നഷ്ടപ്പെട്ടു പോകുന്ന പ്രതിഫലങ്ങളെത്രയാണെന്ന് ആ ഹതഭാഗ്യരറിയുന്നുണ്ടോ ആവൊ!

പകലന്തിയോളം അടുക്കളയിൽ കഴിഞ്ഞു കൂടുന്ന സഹോദരിമാരുമുണ്ട്. ഖുർആനോതാനും, നമസ്കരിക്കാനും, ദിക്റുകളിലും ദുആകളിലും മുഴുകാനും അവസരം കണ്ടെത്താതെയുള്ള തിരക്കുപിടിച്ച അടുക്കളപ്പണിയിലാണവർ. സഹോദരിമാരേ, നിങ്ങൾക്ക് നഷ്ടം മാത്രമേ അത് വരുത്തിവെക്കൂ. ദയാനിധിയായ റബ്ബിൽ നിന്ന് നിങ്ങൾക്കും വേണ്ടേ മാപ്പും കരുണയും? അവന്റെ മുന്നിൽ കരളുരുകി കരയാനും കൈനീട്ടി പറയാനും നിങ്ങൾക്കുമില്ലേ ആവലാതികളും ആവശ്യങ്ങളും? റമദാൻ നമുക്കുള്ളതാണ്. അടുത്ത റമദാനിൽ നാമുണ്ടാകുമൊ എന്ന അറിവുള്ളവരല്ല നമ്മൾ. ആയതിനാൽ നിങ്ങളും അധ്വാനിച്ചോളൂ, നിങ്ങളുടെ പരലോക മോക്ഷത്തിനായി.

നന്നാകാനും നന്നാക്കാനും അവസരം ലഭിച്ചിട്ട് അതിനെ അവഗണിക്കുന്നവൻ നിർഭാഗ്യമടഞ്ഞവനാണ്. ഈമാനും തഖ്‌വയും സൽകർമ്മങ്ങളും കൊണ്ട് ജീവിതം ധന്യമാക്കിയവനാകട്ടെ സൗഭാഗ്യമടഞ്ഞവനും. രണ്ടു കൂട്ടരും പ്രതിഫലനാളിൽ ഒരു നിലക്കും തുല്യരല്ല. അവരെപ്പറ്റി, അവർ രണ്ടുകൂട്ടരുടേയും പരിണിതിയെപ്പറ്റി എത്ര കൃത്യമായിട്ടാണ് അല്ലാഹു വിശദീകരിച്ചു തരുന്നത്.

فَأَمَّا ٱلَّذِينَ شَقُوا۟ فَفِى ٱلنَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ﴿١٠٦﴾ خَـٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَـٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۚ إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ ﴿١٠٧﴾ ۞ وَأَمَّا ٱلَّذِينَ سُعِدُوا۟ فَفِى ٱلْجَنَّةِ خَـٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَـٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۖ عَطَآءً غَيْرَ مَجْذُوذٍ ﴿١٠٨﴾

‘‘എന്നാൽ നിർഭാഗ്യമടഞ്ഞവരാകട്ടെ അവർ നരകത്തിലായിരിക്കും. അവർക്കവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണുണ്ടായിരിക്കുക. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പിലാക്കുന്നവനാകുന്നു. എന്നാൽ സൗഭാഗ്യം സിദ്ധിച്ചവരാകട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നിടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. നിലച്ചു പോകാത്ത ഒരു ദാനമായിരിക്കും അത്.’’ (ഹൂദ്: 106-108)

ഒരിക്കലും നിലച്ചു പോകാത്ത ആ ‘ദാന’ത്തിനു വേണ്ടിയാകട്ടെ വരുംകാല റമദാനിന്റെ നാളുകൾ. ഖുർആൻ തുറന്നിരിക്കട്ടെ. ദിക്റുകളാലും ദുആകളാലും ചുണ്ടുകൾ നനഞ്ഞിരിക്കട്ടെ. ദാനധർമ്മങ്ങളും ദയനിറഞ്ഞ കർമ്മങ്ങളും കൊണ്ട് ജീവിതം സജീവമാകട്ടെ. ഓർക്കുക; കാരുണ്യവാനായ റബ്ബിലേക്ക് നടന്നടുക്കുന്നവന്റെ അടുത്തേക്ക് അവൻ ഓടിയാണെത്തുക.